പി.റ്റി(2)9719/2024 സഹകരണ സംഘം രജിസ്ട്രാർ ആഫീസ്

തിരുവനന്തപുരം, തീയതി: 15-10-2024

## ദർഘാസ്

സഹകരണ വീഥി മാസികയുടെ അച്ചടി ജോലികൾ 2024 ൽ കരാർ ഉറപ്പിച്ചു നൽകുന്നത് മുതൽ രണ്ട് വർഷത്തേക്ക് (24 ലക്കം) നിർവ്വഹിക്കുന്നതിനുള്ള ദർഘാസ് പരസ്യം

സംസ്ഥാന സഹകരണ വകുപ്പിന്റെ ഇൻഫർമേഷൻ ബ്യൂറോയുടെ പ്രസിദ്ധീകരണമായ സഹകരണ വീഥിയുടെ അച്ചടി ജോലികൾ ഓരോ മാസവും നിശ്ചിത തീയതികളിൽ നിർവ്വഹിക്കുന്നതിന് സ്വന്തമായി ഓഫ് സെറ്റ് അച്ചടി സംവിധാനമുള്ള സ്ഥാപനങ്ങളിൽ നിന്നും മുദ്ര വച്ച് ഒപ്പിട്ട് ദർഘാസ് ക്ഷണിക്കുന്നു.നിർദ്ദിഷ്ട ഫാറത്തിലുള്ള ദർഘാസ് അഡീഷണൽ രജിസ്ട്രാർ(ജനറൽ), സഹകരണ സംഘം രജിസ്ട്രാർ ആഫീസ്, ജവഹർ സഹകരണ ഭവൻ, ഡി.പി.ഐ ജംഗ്ഷൻ, ജഗതി, തൈക്കാട്, തിരുവനന്തപുരം-14 എന്ന മേൽ വിലാസത്തിൽ 30.10.2024 വൈകുന്നേരം 3 മണിക്ക് മുൻപായി ലഭിക്കത്തക്കവിധം രജിസ്റ്റേർഡ് തപാലിൽ അയക്കുകയോ നേരിട്ട് സമർപ്പിക്കുകയോ ചെയ്യേണ്ടതാണ്. ദർഘാസുകൾ സ്വീകരിക്കുന്ന കാര്യത്തിൽ സഹകരണ സംഘം രജിസ്ട്രാറുടെ തീരുമാനം അന്തിമവും, ചോദ്യം ചെയ്യാൻ പാടില്ലാത്തതും, ഏതൊരു കാരണവും കാണിക്കാതെ തന്നെ ദർഘാസ് നിരസിക്കുന്നതിനുള്ള അധികാരവും രജിസ്ട്രാറിൽ നിക്ഷിപ്തമായിരിക്കുന്നതുമാണ്. കവറിന്റെ പുറത്ത് സഹകരണ വീഥി മാസികയുടെ അച്ചടി നടത്തുന്നതിനുള്ള ദർഘാസ്-2024 എന്ന് രേഖപ്പെടുത്തിയിരിക്കണം. ക്വട്ടേഷൻ സ്ഥിരപ്പെടുത്തി നൽകുന്ന സ്ഥാപനം 200/- രൂപയുടെ മുദ്രവച്ച പത്രത്തിൽ രജിസ്ട്രാറുടെ പേരിൽ എഗ്രിമെന്റ് വയ്ക്കേണ്ടതാണ്. ക്വട്ടേഷനോടൊപ്പം സഹകരണ സംഘം രജിസ്ട്രാറുടെ പേരിൽ കേരള സംസ്ഥാന സഹകരണ ബാങ്ക് സ്റ്റാച്യു ശാഖയിൽ മാറത്തക്കവിധം 10,000/- രൂപയുടെ നിരതദ്രവ്യം ഡിമാന്റ് ഡ്രാഫ്റ്റായി ഉള്ളടക്കം ചെയ്യേണ്ടതാണ്. നിരതദ്രവ്യ തുക 2 വർഷ കാലാവധി അവസാനിക്കുന്ന അവസരത്തിൽ തിരികെ നൽകുന്നതാണ്.

1. കംപോസിംഗ് പേജ് ലേഔട്ട് ചെയ്ത സി.ഡി. അച്ചടിക്ക് നൽകുന്നതാണ്.
2. അച്ചടി

   70GSM First grade വെള്ള പേപ്പറിൽ 10000,15000,20000 കോപ്പികൾ അച്ചടിക്കുന്നതിനുള്ള ചാർജ്ജ് (പേപ്പറിന്റെ വില ഉൾപ്പെടെ) പൗണ്ട് ആർട്ട് പേപ്പറിൽ കവർ (4 പേജ് കളർ) ബയന്റിംഗ് വയർ സ്റ്റിച്ചിംഗ് എന്നിവ നടത്തി സഹകരണ സംഘം രജിസ്ട്രാർ ആഫീസിൽ എത്തിക്കുന്നതുൾപ്പെടെയുള്ള ചാർജ്ജാണ് ദർഘാസിൽ രേഖപ്പെടുത്തേണ്ടത്.

## മാസികയുടെ വിശദാംശങ്ങൾ

ഡെമ്മി 1/4 സൈഡിൽ 48 പേജ് (അകം പേജ്) 4 കവർ പേജ് മൾട്ടി കളറായിട്ടും ബാക്കി കളർ പേജുകളിൽ മാറ്ററുകളായിരിക്കും.

അച്ചടിയ്ക്കുള്ള മാറ്റർ എല്ലാ മാസവും 5-ാം തീയതിക്കുള്ളിൽ സഹകരണ വീഥിയുടെ എഡിറ്ററിൽ നിന്നും നേരിട്ട് വാങ്ങേണ്ടതും, കംപോസിംഗ് കഴിഞ്ഞവയുടെ പ്രൂഫ്

എഡിറ്ററെ ഏൽപ്പിച്ച് തിരുത്തി വാങ്ങേണ്ടതുമാണ്. എല്ലാമാസവും 10-ാം തീയതിയ്ക്ക് മുമ്പായി അതാത് മാസത്തെ ലേഔട്ട് പേജ് ബട്ടർ പേപ്പറിൽ മിറർ ഇമേജ് എടുത്ത് പൂർണ്ണമായും എഡിറ്ററെ ഏൽപ്പിക്കേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തുന്ന പക്ഷം കംപോസിംഗ് ലേഔട്ട് കൂലിയിൽ നിന്നും ഒരു ശതമാനം വീതം വൈകുന്ന ഓരോ ദിവസത്തിനും കുറവ് ചെയ്യുന്നതാണ്. പേപ്പർ 70GSM L.W.C പേപ്പർ തന്നെ നിർബന്ധമായി ഉപയോഗിക്കേണ്ടതാണ്. പേപ്പറിന്റെ ക്വാളിറ്റിയിൽ മാറ്റം വന്നാൽ ഉടമ്പടി റദ്ദ് ചെയ്യുന്നതായിരിക്കും. ക്വട്ടേഷനോടൊപ്പം സാമ്പിൾ പേപ്പർ, സാമ്പിൾ കവർ പേപ്പർ എന്നിവകൂടി സമർപ്പിക്കേണ്ടതാണ്.

കരാർ ഉറപ്പാക്കുന്ന അവസരത്തിൽ സഹകരണ സംഘം രജിസ്ട്രാർ നിശ്ചയിക്കുന്ന തരത്തിലുള്ള നിശ്ചിത വിലയുള്ള സ്റ്റാമ്പ് പേപ്പറിൽ ഒപ്പ് വച്ച് നൽകേണ്ടതാണ്. കാരണം കാണിക്കാതെ തന്നെ ഒരു മാസത്തെ നോട്ടീസ് നൽകി കരാർ മൊത്തമായോ, ഭാഗികമായോ അവസാനിപ്പിക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാർക്ക് അധികാരം ഉണ്ടായിരിക്കും.

കരാർ ഏറ്റെടുത്തശേഷം ആദ്യത്തെ ബിൽ തുക സെക്യൂരിറ്റി ഇനത്തിൽ മാറ്റി നിർത്തുന്നതും കരാർ അവസാനിപ്പിക്കുന്ന അവസരത്തിൽ ഇത് സംബന്ധിച്ച് കരാർ കണക്ക് തീർക്കുന്നതുമാണ്. മുകളിൽ പറഞ്ഞിട്ടുള്ള വിവരങ്ങൾ ഇതോടൊന്നിച്ചുള്ള നിർദ്ദിഷ്ട ഫാറത്തിൽതന്നെ നിർബന്ധമായി അയയ്ക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്കായി ആഫീസ് സമയത്ത് സഹകരണ വീഥിയുടെ പ്രസിദ്ധീകരണ വിഭാഗവുമായി ബന്ധപ്പെടേണ്ടതാണ്.

(S/D)
അഡീഷണൽ രജിസ്ട്രാർ(ജനറൽ)
സഹകരണ സംഘം രജിസ്ട്രാർക്കുവേണ്ടി

സഹകരണ വീഥി മാസികയുടെ രണ്ട് വർഷത്തേക്ക് (24 ലക്കം) അച്ചടി സംബന്ധിച്ച ദർഘാസ് സമർപ്പിക്കുന്നതിനുള്ള ഫാറം

<u>വിവരം</u>

1. പ്രിന്റിംഗ് 48 പേജ് മൾട്ടി കളർ പേജ് ഒന്നിന് .....................രൂപ നിരക്കിൽ 10000 കോപ്പിയ്ക്ക്/15000 കോപ്പിയ്ക്ക്/20000 കോപ്പിയ്ക്ക് പേപ്പർ ഉൾപ്പെടെയുള്ള നിരക്ക്

..........................................................................................................................................
.......

2. ബൈൻഡിംഗ് ചാർജ് (16 പേജിന്) ഫോൾഡിംഗ്, സ്റ്റാപ്ലിംഗ് 10000 കോപ്പിയ്ക്ക്/15000 കോപ്പിയ്ക്ക്/20000 കോപ്പിയ്ക്ക് പേപ്പർ ഉൾപ്പെടെയുള്ള നിരക്ക്

..........................................................................................................................................................

3. അകം പേജ് അച്ചടിയ്ക്കുന്നതിനുള്ള പേപ്പർ വില

..............................................................

4. കവർ അച്ചടിയ്ക്കുന്നതിനുള്ള പേപ്പർ

വില..........................................................................

(പ്രസ്സ് ഉടമയുടെ ഒപ്പും സീലും)